(സി) പട്ടികജാതിയിൽപ്പെട്ട കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി വകുപ്പിൽ നിന്നും വിവാഹ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ ധനസഹായം നൽകുന്നു. ധനസഹായം ലഭിച്ച് നടക്കുന്ന വിവാഹം മിശ്രവിവാഹമായാൽ മിശ്രവിവാഹിതർക്കുള്ള ആനുകൂല്യത്തിന് പ്രസ്തുത ദമ്പതിമാർക്ക് അർഹതയില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഒരേ വിവാഹത്തിനുതന്നെ രണ്ടു ധനസഹായം (വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും) നിലവിൽ അനുവദിക്കുന്നില്ല.

(ഡി) പരിശോധിച്ചുവരുന്നു.

പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി

263 (2543) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് തൊഴിൽ പരിശീലനത്തിനായി പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. 44 ഐ.ടി.ഐ.കൾ - (എൻ.സി.വി.റ്റി. അഫിലിയേഷനുള്ളത് - 41; എസ്.സി.വി.റ്റി. അഫിലിയേഷനുള്ളത് - 3)

2. പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകൾ - 4 (വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുന്നതിന്)

(ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രേഡുകൾ പഠിക്കുന്നതിനും തൊഴിലധിഷ്ഠിതകോഴ്സുകൾക്കും മത്സരപ്പരീക്ഷകൾക്കും പരിശീലനം നൽകുക വഴി അവർക്ക് എളുപ്പത്തിൽ മെച്ചപ്പെട്ട തൊഴിൽ മേഖല കണ്ടെത്തുന്നതിനും തദ്വാര സാമൂഹ്യ സാമ്പത്തിക പുരോഗതി കൈവരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) വകുപ്പിന് കീഴിലുള്ള 44 ഐ.ടി.ഐ.കളിലും 4 പ്രീ-എക്സാമിനേഷൻ ടെയിനിംഗ് സെന്ററുകളിലും ഓരോ വർഷവും അർഹരായ അപേക്ഷകർക്ക് പ്രവേശനം നൽകി പരിശീലനം നൽകിവരുന്നു. ഇവർക്ക് പ്രതിമാസ സ്റ്റൈപ്പന്റും യൂണിഫോം അലവൻസും നൽകിവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും അനുവദിക്കുന്നുണ്ട്. കൂടാതെ മറ്റ് സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ വൊക്കേഷണൽ പരിശീലന സ്ഥാപനങ്ങൾ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, നെട്ടൂർ ടെക്നിക്കൽ ടെയിനിംഗ് ഫൗണ്ടേഷൻ (NTTF) എന്നിവ മുഖേന പ്രോജക്ടിസ്ഥാനത്തിലും സൈബർശ്രീ, CREST എന്നീ സ്ഥാപനങ്ങൾ വഴിയും തൊഴിൽ പരിശീലനം നൽകിവരുന്നു.

പട്ടികജാതിയിൽപ്പെട്ടവരുടെ അസ്വാഭാവിക മരണം

264 (2544) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിയിൽപ്പെട്ട എത്രപേർക്ക് അസ്വാഭാവിക മരണം സംഭവിച്ചിട്ടുണ്ട്; ലഭ്യമായ വിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly